# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഏപ്രിൽ 2025



- ഉയിർപ്പിന്റെ താളത്തിൽ ഒരവധിക്കാലം
- നോമ്പുകാലത്തിലെ ക്രാഷ് കോഴ്സ്
- ദുഃഖവെള്ളിയിൽ നിന്ന് ഉയിർപ്പിന്റെ വിജയ തേരിലേറിയവർ

# CASA DIVINA

**CHURCH & DEVOTIONAL ARTICLES**

**DEPARTMENT OF CATECHESIS**

**DIOCESE OF KOTTAPURAM- KODUNGALLUR**

- ബൈബിൾ
- പ്രാർത്ഥനാ പുസ്തകങ്ങൾ
- വണക്കമാസം
- ജപമാലകൾ
- തിരുസ്വരൂപങ്ങൾ

തുടങ്ങിയവയെല്ലാം

മിതമായ നിരക്കിൽ ലഭിക്കുന്നു.










**8281420078**



# ജീവൻ പകുത്ത് നൽകിയ വില




ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ

**'നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം".**

(1 യോഹന്നാൻ 4 : 10)

ഒരു പഴയ കഥ ഇങ്ങനെയാണ്. ഒരു മനുഷ്യൻ ചന്തയിൽ പോയി പുതിയ ചെരിപ്പ് വാങ്ങി. വീട്ടിലേക്ക് തിരിച്ചു പോകുന്ന വഴിക്ക് മഴ പെയ്തു. ലെതറിന്റെ ചെരുപ്പ് ആയതിനാൽ അടുത്ത് കണ്ട വീട്ടിലേക്ക് ഓടിക്കയറി അയാൾ. ആ വീട്ടുകാരോട് ചോദിച്ചു. ഈ ചെരിപ്പ് ഇവിടെ ഒന്ന് സൂക്ഷിക്കുമോ. അവർ സന്തോഷത്തോടെ ആ ചെരുപ്പ് വാങ്ങി വീടിന്റെ ഉമ്മറത്തുവച്ചു. പിറ്റേദിവസം ആ വഴിയിലൂടെ ശ്മശാനത്തിലേക്ക് മൃതദേഹവുമായി കുറെ പേർ പോവുകയായിരുന്നു. ആ വീടിനു മുന്നിലെത്തിയപ്പോൾ മഴ തുടങ്ങി. മഴ നനയാതിരിക്കാൻ ആയി ഉടനെ മൃതദേഹവുമായി അവർ ആ വീട്ടിലേക്ക് കയറി. ആ വീടിന്റെ ഉടമസ്ഥനോട് മഴ തീരുന്നതുവരെ ഈ മൃതദേഹം വീടിന്റെ വരാന്തയിൽ സൂക്ഷിക്കുവാൻ സാധിക്കുമോ എന്ന് ചോദിച്ചു. വീടിന്റെ വരാന്തയിൽ എന്നല്ല വീടിന്റെ മുറ്റത്ത് പോലും ആ മൃതദേഹവുമായി നിൽക്കാൻ ആ വീട്ടുകാർ അനുവദിച്ചില്ല. കഥാകാരൻ ഇങ്ങനെ ഒരു അടിക്കുറിപ്പോടെയാണ് അവസാനിപ്പിക്കുന്നത്. **ആത്മാവ് നഷ്ടപ്പെട്ട മനുഷ്യന് ഒരു ചെരുപ്പിന്റെ വില പോലുമില്ല...**

ഉയർപ്പ് തിരുനാളിന്റെ ഒരുക്കത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് നമ്മൾ. പാപം ആകുന്ന മരണത്തിലേക്ക് വീണ് ദൈവീകമായ വില നഷ്ടപ്പെട്ടുപോയ മനുഷ്യർക്ക് അവന്റെ വിലയും മൂല്യവും ഒക്കെ വീണ്ടെടുക്കുവാൻ സ്വർഗ്ഗം നൽകിയ സമ്മാനദിനത്തിന്റെ പേരാണ് ഈസ്റ്റർ. മനുഷ്യകുലത്തിന്റെ ആത്യന്തികമായ രക്ഷ സാധ്യമായത് ക്രിസ്തുവിന്റെ സഹനവും മരണവും ഉത്ഥാനവും വഴിയാണ്. ക്രിസ്തു സഹിക്കുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം എന്നത് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗവും വിശുദ്ധലിഖിതങ്ങളുടെ പൂർത്തീകരണവുമായിരുന്നു. പുനരുത്ഥാനം വെറും ഒരു ചരിത്രസംഭവമല്ല, അത് ഓരോ വിശ്വാസിയെയും മാറ്റത്തിന് വെല്ലുവിളിക്കുകയാണ് .



ജീവിതത്തിൽ കുരിശുകളുണ്ടാവും വെല്ലുവിളികളും നഷ്ടങ്ങളുമുണ്ടാവും. പക്ഷേ, യേശുവിന്റെ ഉദ്ധാന തിരുനാൾ നമ്മെ പഠിപ്പിക്കുന്നത് പ്രതീക്ഷ ഒരിക്കലും നഷ്ടപ്പെട്ടു പോകരുത് എന്നതാണ്. ഓരോ അവസാനത്തിനും പുതുതായി തുടങ്ങാനുള്ള ഒരു അവസരമുണ്ട്. ഓരോ ദുഃഖവെള്ളിക്ക് ശേഷവും സന്തോഷത്തിന്റെയും പ്രകാശത്തിന്റെയും ഉയിർപ്പ് തിരുന്നാൾ ഉണ്ട്. നിനക്ക് വേണ്ടി ദൈവം അനുഗ്രഹത്തിന്റെ ഒരു ദിനം കരുതി വച്ചിട്ടുണ്ട്.

വിശുദ്ധ ഗ്രന്ഥം ദൈവപിതാവിന്റെ ഈ സ്നേഹത്തെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇങ്ങനെയാണ് :

***“എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രംസ്നേഹിച്ചു.”*** (യോഹ 3 :16)

**എല്ലാവർക്കും ഉയിർപ്പ് തിരുന്നാൾ ആശംസകൾ.**

യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും.
യോഹ 11:25

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഏപ്രിൽ 2025

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
ഉയിർപ്പിന്റെ താളത്തിൽ ഒരവധിക്കാലം ............. 4

ജോസഫ് ഭൗമിക ത്രിത്വത്തിലെ പിതാവ് .............. 6

നോമ്പുകാലത്തിലെ ക്രാഷ് കോഴ്സ്................... 8

*വിശ്വാസത്തിന്റെ വഴിത്താര*
രോഗീലേപനം........................................ 10

ദുഃഖവെള്ളിയിൽ നിന്ന് ഉയിർപ്പിന്റെ
വിജയ തേരിലേറിയവർ ............................... 13

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
കോൺക്ലേവ് ........................................... 16

*അയൽക്കൂട്ടം*
ഉത്ഥാനവും ജൂബിലിയും ............................ 18

മതബോധന വാർത്തകൾ ........................... 15

രൂപത വാർത്തകൾ ................................ 20

പിതാവിന്റെ ഡയറി – ഏപ്രിൽ....................... 27

ലോഗോസ് ക്വിസ് ഉത്തരം ........................... 27

*വചനധ്യാനം*
2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം........28





# ഉയിർപ്പിന്റെ താളത്തിൽ ഒരവധിക്കാലം



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ഉ**യിർപ്പ് ഒരു സാക്ഷാത്ക്കാരത്തിന്റെ ആഘോഷമാണ്. അതിനാലാണ് വി. പൗലോസ് അപ്പോസ്തലൻ കോറിന്തോസുക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ 15-ാം അദ്ധ്യായം 12-17 വരെയുള്ള വാക്യങ്ങളിൽ പറയുന്നതു പോലെ ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. ആർച്ചു ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ The life of christ എന്ന പുസ്തകത്തിലൂടെ പറയുന്നത് ഈ ലോകത്ത് ജനിച്ചു വീഴുന്നവരെല്ലാം ജീവിക്കാൻ വേണ്ടി ജനിക്കുന്നു. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ച് മരണത്തിനപ്പുറത്തേക്ക് മിഴി നീട്ടി ഉയിർപ്പിലേക്ക് എത്തുകയെന്നതാണ് ആത്മസാക്ഷാത്ക്കാരം. ആയതിനാൽ ഓരോ ഉയിർപ്പും ഈ സാക്ഷാത്ക്കാരത്തിന്റെ ആഘോഷമാണ്.



ഉയിർപ്പിന്റെ വലിയ ശനിയാഴ്ച്ചയുടെ പെസഹാ ആഘോഷവേളയിൽ മനോഹര മായ ലത്തീൻ ആരാധന രീതിയിലുള്ള കർമ്മങ്ങൾ ആരംഭിക്കുന്നത് ഒരു നെരിപ്പോടിൽ നിന്നും പുത്തൻ തീ ജനിപ്പിച്ചുകൊണ്ടാണ്. **"യേശു നിക്കോദമോസിനോട് പറയുന്നു, ആത്മാവിൽ വീണ്ടും ജനിക്കുന്നവനേ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കൂ"** (യോഹ. 3:3). ആത്മാവിൽ ജനിക്കുക എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ശരീരത്തിന്റെ മരണവും എന്നാൽ അനശ്വരമായ ആത്മാവിന്റെ കുതിച്ചുയരലുമാണ്. മനുഷ്യൻ തന്റെ ജീവിതത്തിലെ കരിപുരണ്ട നിമിഷങ്ങളെ



*അങ്ങേക്കെല്ലാം സാധിക്കുമെന്നും അങ്ങയുടെയാതൊരു ഉദ്ദേശ്യവും തടയാനാവുകയില്ലെന്നും ഞാനറിയുന്നു.*

ജോബ് 42:2

ആലയിൽ തട്ടാൻ സ്വർണ്ണം ശോധന ചെയ്യുന്നതുപോലെ ഈ കരിയെ ജ്വലിപ്പിച്ച് കനലാക്കി ആ കനലിൽ നിന്നും പുതിയ തീ പുറത്തെടുക്കുമ്പോൾ അവിടെ ഉയർപ്പിന്റെ വലിയ കവിത രചിക്കപ്പെടുന്നു. ഒരു ചിരട്ട കത്തിയമർന്ന് ചാമ്പലായ് തീർന്നുപോകാതെ ആ കരി വീണ്ടും കനലായ് ജ്വലിച്ച് അതിൽ നിന്നും തീ പുറപ്പെടുന്നതുപോലെ ക്രൈസ്തവ ജീവിതം സഹനത്തിന്റെയും മരണത്തിന്റെയും അദ്ധ്യായങ്ങൾക്കിടയിലൂടെ കടന്ന് പുത്തൻ തീയായ് മറ്റുളവർക്ക് പ്രകാശം പരത്തുന്നു. ഒരു കത്തോലിക്ക വിശ്വാസിയെ സംബന്ധിച്ച് സഹനവും, രോഗങ്ങളും, മരണവും ജീവിതത്തിലെ ഇരുണ്ട അധ്യായങ്ങളാണ്. ദൈവഹിതമെന്നപോലെ അതിജീവിച്ച് പുതിയ അധ്യായമെഴുതുവാൻ ഈ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന യേശുവിന്റെ ഉയിർപ്പുവെട്ടമായ്ത്തീരുവാൻ ഉയിർപ്പിലേക്ക് നമുക്ക് മിഴി നീട്ടാം.



വിദ്യാർത്ഥി - വിദ്യാർത്ഥിനികളെ സംബന്ധിച്ച് പഠനകാലത്തിന്റെ സാക്ഷാത്കാരമാണ് അവധിക്കാലം. ക്ലാസ്സ് മുറിയുടെ അച്ചടക്കത്തിന്റെയും, ഒരുക്കമുള്ള പരീക്ഷാചൂടിന്റെ കനംതൂങ്ങുന്ന മൗനത്തിന്റെയും കൊടുമുടിയിൽ നിന്നും പരീക്ഷയെന്ന പ്രവാഹത്തിലൂടെ സഞ്ചരിച്ച് ഒരു കുഞ്ഞരുവിയിലെ കടലാസുവഞ്ചിപ്പോലെയാവുന്ന അവസ്ഥയാണ് അവധിക്കാലം. കാറ്റിന്റെ കൈപിടിച്ച് അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യുമ്പോൾ മണൽത്തിട്ടകളും ചളിക്കുണ്ടുകളും അപകടമാകാതെ നോക്കണം. പുതിയ ഒരു പുലരി സ്വപ്നം കണ്ടുകൊണ്ട് ഒരു പൂമ്പാറ്റയായ് പറക്കണമെന്ന ആഗ്രഹത്തോടെയുള്ള ഒരു പ്യൂപ്പ അവസ്ഥ ആണത്. അവധി സമയം ദർശനങ്ങൾ കോർത്തിണക്കാനുള്ള സമയമാണ്. ഓരോ അവധികൾക്കിടയിലും അടുത്ത ചുവടുവയ്പ്പിനെക്കുറിച്ചുള്ള സ്പുലിംഗങ്ങൾ ഉണ്ടാവണം. അവധികൾ ആവലാതികളാകാതെയും അലസതയുടെ കളിയരങ്ങാകാതെയും, അവധികൾ പുതുസൃഷ്ടിക്കായുള്ള ദിനങ്ങളാകണം.

ഉയിർപ്പും അവധിയും വിജയത്തിന്റെ സങ്കീർത്തനമാലപിക്കാനുള്ള സമയമാണ്. ഉയിർപ്പിലൂടെ പുതിയ മനുഷ്യനാവുന്നതുപോലെ ഒരു അവധിക്കാലത്തിന്റെ പുഴയിൽ കുളിച്ചുകയറുമ്പോൾ പുതിയ വ്യക്തികളായ് മാറുവാൻ നമുക്ക് സാധിക്കണം.

***ഉയിർപ്പ് തിരുനാൾ ആശംസകളും തിളക്കമുള്ള അവധിക്കാലവും നേരുന്നു...***

■

പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ല. കാരണം, നിങ്ങൾ നിയമത്തിനു കീഴിലല്ല കൃപയ്ക്കു കീഴിലാണ്.
റോമാ 6:14



# ജോസഫ് ഭൗമിക ത്രിത്വത്തിലെ പിതാവ്



**റവ. ഡോ. സുനിൽ കല്ലറക്കൽ OSJ**
**റെക്ടർ, സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ്, ആസാം**

**തി**രുകുടുംബത്തിന്റെ രക്ഷാധികാരിയും പിതാവും എന്ന നിലയിലുള്ള വി. യൗസേപ്പിന്റെ അഗാധമായ പങ്ക് വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. ഇവിടെ ദൈവിക ത്രിത്വത്തെയും ഭൗമിക ത്രിത്വത്തെയും കുറിച്ച് നമുക്ക് ഒരു താരതമ്യം ചെയ്യാവുന്നതാണ്. ദൈവിക ത്രിത്വത്തിലെ അംഗങ്ങളായ സ്വർഗീയ പിതാവും പുത്രനും പരിശുദ്ധത്മാവും നമുക്ക് അദൃശ്യമായാണ് നിലകൊള്ളുന്നത്. എന്നാൽ ആ പരിശുദ്ധ ത്രിത്വത്തിലെ പ്രത്യേകതകളെ മനോഹരമായി പ്രതിഫലിപ്പിച്ചു കാണുന്നത് വിശുദ്ധ യൗസേപ്പും, മേരിയും, യേശുവും അടങ്ങിയ ഭൗമിക ത്രിത്വത്തിൽ ആണ്. യൗസേപ്പ് പലപ്പോഴും തിരുവെഴുത്തുകളിൽ നിശബ്ദനാണെങ്കിലും, തന്റെ വിശ്വാസം, അനുസരണം, ത്യാഗപരമായ സ്നേഹം എന്നിവയിലൂടെ നമ്മോട് ഉച്ചത്തിൽ വളരെയധികം സംസാരിക്കുന്നുണ്ട്. സ്വർഗീയപിതാവ് തന്റെ ദിവ്യപുത്രനെ നയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ, വിശുദ്ധ യൗസപ്പ് ഭൂമിയിൽ യേശുവിനെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു. മറിയത്തോടും യേശുവിനോടും ചേർന്ന് ജോസഫ് ഭൂമിയിൽ ദൈവിക ത്രിത്വത്തിന്റെ പ്രകാശം പരത്തുന്നു.

യൗസേപ്പും മേരിയും യേശുവും അടങ്ങുന്ന ഭൂമിയിലെ ത്രിത്വത്തിൽ ദൈവിക കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും ഒരു മാതൃക നമുക്ക് കാണാം. പരിശുദ്ധ ത്രിത്വം - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - ദിവ്യസ്നേഹത്തിന്റെ പൂർണ്ണമായ കൂട്ടായ്മയെ പ്രതിനിധീകരിക്കുന്നു. എല്ലാ സൃഷ്ടികളുടെയും ഉറവിടമെന്ന നിലയിൽ പിതാവ്, പുത്രനുമായി അഭേദ്യമായ ഒരു ബന്ധം പങ്കിടുന്നു. അതേസമയം പരിശുദ്ധാത്മാവ് അവർക്കിടയിൽ ഒഴുകുന്ന സ്നേഹത്തെ ഉൾക്കൊള്ളുന്നു. അതുകൊണ്ടാണ് യേശു തന്നെ പ്രഖ്യാപിക്കുന്നത്: **"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു"** എന്ന് (യോഹന്നാൻ 14:9). യേശുവിനു നൽകുന്ന മാർഗദർശനം, സംരക്ഷണം, നിരുപാധികമായ സ്നേഹം എന്നിവയാണ് സ്വർഗീയ പിതാവിന്റെ പങ്ക്. പിതാവ് പുത്രനെ അടുത്തറിയുന്നു, പകരം പുത്രൻ പിതാവിന്റെ ഇഷ്ടം



*ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.*

1 കൊറി 15:4

അനുസരിക്കുന്നു. അങ്ങനെയാണ് അവർ തമ്മിലുള്ള ബന്ധം എന്ന് തിരുവചനം വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവ്, പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന സ്നേഹം എന്ന നിലയിൽ, മനുഷ്യർക്ക് ഗ്രഹിക്കാൻ കഴിയുന്നതിന് അതീതമായ ഒരു ഐക്യത്തിൽ അവരെ ബന്ധിപ്പിക്കുന്നു.

**ഭൗമിക ത്രിത്വം:**

സ്വർഗസ്ഥനായ പിതാവ് തന്റെ പുത്രനെ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതുപോലെ, വിശുദ്ധ യൗസേപ്പും തിരുകുടുംബത്തിൽ സമാനമായ പങ്ക് വഹിച്ചു. അവൻ യേശുവിന്റെ ജീവശാസ്ത്രപരമായ പിതാവല്ലെങ്കിലും, യൗസേപ്പ് യേശുവിന്റെ ഭൗമിക പിതാവായി തിരഞ്ഞെടുക്കപ്പെടുകയും വിശ്വാസവും ഭക്തിയും നിറഞ്ഞ ഹൃദയത്തോടെ അവനെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള അവന്റെ അനുസരണം, മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നത് മുതൽ ആരംഭിക്കുന്നു. യേശുവിനെയും മേരിയെയും സംരക്ഷിക്കുന്നതിലൂടെ അവന്റെ അഗാധമായ വിശ്വാസവും നിസ്വാർത്ഥതയും പ്രകടമാകുന്നു.

ജോസഫിന്റെ പിതൃത്വം മേരിയെയും യേശുവിനെയും സ്വന്തമാക്കി വയ്ക്കുന്നതിലല്ല, മറിച്ച് അവരെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലും അടങ്ങിയിരിക്കുന്നു. അവൻ യേശുവിനെ മകനായി സ്വീകരിച്ചു, അവനെ കരുതലോടെ വളർത്തി, നീതിയുടെ വഴികൾ പഠിപ്പിച്ചു. ലൂക്ക 2:48-ൽ കാണുന്നതുപോലെ, മറിയവും യൗസപ്പിലുള്ള പിതാവിന്റെ പങ്ക് അംഗീകരിക്കുന്നുണ്ട് : **"നിന്റെ പിതാവും ഞാനും ആകാംക്ഷയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു.''** യേശുവിന്റെ ഭൗമിക പിതാവ് എന്ന നിലയിൽ ജോസഫ് വഹിച്ച പങ്ക് അവന്റെ അഗാധമായ സ്നേഹവും ഉത്തരവാദിത്തവും സ്ഥിരീകരിക്കുന്നു.

**തിരുകുടുംബം:**

എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കും ഉത്തമ മാതൃകയായി വർത്തിക്കുന്ന തിരുകുടുംബം സ്നേഹം, വിനയം, ആത്മത്യാഗം എന്നീ പുണ്യങ്ങളെ എടുത്തു കാട്ടുന്നു. പരിശുദ്ധ ത്രിത്വം സ്നേഹത്തിൽ ഏകീകൃതമായിരിക്കുന്നതുപോലെ, കുടുംബങ്ങളും ഈ ഐക്യം അവരുടെ ബന്ധങ്ങളിൽ പ്രതിഫലിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹത്തിനും ബഹുമാനത്തിനും വിശ്വസ്തതയ്ക്കും മുൻഗണന നൽകുന്നതിലൂടെ, കുടുംബങ്ങൾക്ക് സമാധാനത്തിന്റെയും വിശുദ്ധിയുടെയും അന്തരീക്ഷം വളർത്തിയെടുക്കാൻ കഴിയും, ഇത് ത്രിത്വത്തിന്റെ ദിവ്യമായ കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്നു.

**ഉപസംഹാരം :**

സ്വർഗീയ ത്രിത്വവും ഭൗമിക ത്രിത്വവും തമ്മിലുള്ള താരതമ്യം ജോസഫിനെ അനുകരിക്കാനുള്ള ആഹ്വാനവും മനുഷ്യസ്നേഹത്തിനും ബന്ധങ്ങൾക്കും വേണ്ടിയുള്ള ദൈവത്തിന്റെ രൂപകൽപ്പനയെക്കുറിച്ചുള്ള ആഴത്തിലുള്ള ഉൾക്കാഴ്ചകളും പ്രദാനം ചെയ്യുന്നു. ത്രിത്വത്തിന്റെ രഹസ്യം മനുഷ്യ ധാരണയെ മറികടക്കുമ്പോൾ, തിരുകുടുംബം ഈ ദൈവിക ഐക്യത്തിന്റെ മൂർത്തമായ പ്രതിഫലനം നൽകുന്നു. വിശുദ്ധ യൗസേപ്പ്, സ്വർഗീയ പിതാവിന്റെ ഭൗമിക പ്രതിബിംബമെന്ന നിലയിൽ, വിശ്വാസത്തോടും വിനയത്തോടും സ്നേഹത്തോടും കൂടി നമ്മുടെ ഉത്തരവാദിത്തങ്ങളെ ഉൾക്കൊള്ളാൻ നമ്മെ ക്ഷണിക്കുന്നു. സ്വർഗീയവും ഭൗമികവുമായ ത്രിത്വങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ദൈവവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ആഴത്തിലാക്കുകയും നമ്മുടെ ദൈനംദിന ജീവിതത്തിൽ ദൈവത്തിന്റെ സാന്നിധ്യം കൊണ്ടുവരികയും ചെയ്യാം. യേശുവിന്റെ പിതാവായി തനിക്ക് ലഭിച്ച ഉത്തരവാദിത്വം നിസ്വാർത്ഥതയോടെ നിർവഹിച്ച വി. ജോസഫ് നമുക്ക് പ്രചോദനമാകട്ടെ. ■



# നോമ്പുകാലത്തിലെ ക്രാഷ് കോഴ്സ്...

ഷാലി ജോസഫ്, തൃശ്ശൂർ

**ഫറവോ ചോദിച്ചു : "ആരാണ് ഈ കർത്താവ്?**
**അവന്റെ വാക്ക് കേട്ട് ഞാൻ എന്തിന് ഇസ്രായേൽക്കാരെ വിട്ടയക്കണം**
**ഞാൻ കർത്താവിനെ അറിയുന്നില്ല"** (പുറപ്പാട് -5:2).

ശരിക്കും ഫറവോക്ക് കർത്താവിനെ അറിയുമായിരുന്നില്ലേ? പല അടയാളങ്ങളാലും ഫറവോയ്ക്ക് കർത്താവ് ആരാണെന്ന് വെളിപ്പെടുത്തിയിരുന്നു. എന്നിട്ടും ഇസ്രായേൽക്കാരെ വിട്ടയക്കാനുള്ള മടി കൊണ്ടാണ് ഞാൻ കർത്താവിനെ അറിയുന്നില്ല എന്ന് പറയുന്നത്. ഈ ഫറോവോ തന്നെയല്ലേ നമ്മൾ ഓരോരുത്തരും. സ്വന്തം സ്വാർത്ഥതയ്ക്കുവേണ്ടി കർത്താവിനെ പലപ്പോഴും മറന്നു കളയുകയല്ലേ? ഇതാ നോമ്പ് അങ്ങ് തീരാറായി. ഇപ്പോൾ എല്ലാം ഹ്രസ്വമായ രീതിയിലൂടെയാണ് കാര്യങ്ങൾ നേടുന്നത്. അതിന് ഉത്തമ ഉദാഹരണമാണ് രണ്ടുവർഷത്തോളം പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളോടൊപ്പം എൻട്രൻസ് കോച്ചിങ്ങിനു പോകുന്ന കുട്ടികളോടൊപ്പം ക്രാഷ് കോഴ്സ് പഠിച്ച് എൻട്രൻസ് എഴുതി വിജയം നേടുന്നവർ. ഈ വിജയം നേടുന്നവർ ആ ക്രാഷ് കോഴ്സ് ടൈമിൽ എല്ലാ ഉപേക്ഷിച്ച് സ്വയം അതിനായി സമർപ്പിക്കുന്നവരാണ്. അതെ വലിയ നോമ്പിന്റെ നല്ലൊരു ഭാഗം കഴിഞ്ഞു. പക്ഷേ ഇനിയുള്ള ദിവസമെങ്കിലും നോമ്പിനെ ഒരു ക്രാഷ് കോഴ്സ് പോലെ പൂർണമായും അങ്ങ് ഏറ്റെടുത്തലോ?

ഇന്ന് മീഡിയകളിൽ നിറഞ്ഞു നിൽക്കുന്നത് ലഹരിയുടെ ഉപയോഗത്തെ കുറിച്ചാണ്. ഒന്ന് ചിന്തിച്ചാൽ നാമെല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ലഹരിക്ക് അടിമകളല്ലേ? ഒന്നുരണ്ട് ഉദാഹരണങ്ങൾ പറഞ്ഞാൽ... **അധികാരത്തിന്റെ ലഹരി-** തിരുവചനം വായിക്കുമ്പോൾ കാണാം. ഹെറോദോസ് രാജാവ് അധികാരം നഷ്ടപ്പെടാതിരിക്കാൻ എത്ര കുഞ്ഞുങ്ങളെയാണ് കൊന്നുകളഞ്ഞത്. ഇടയ്ക്കെങ്കിലും നമ്മളും ഹെറോദോസ് ആകുന്നില്ലേ? അധികാരത്തിനും, സ്ഥാനങ്ങൾ നഷ്ടപ്പെടാതിരിക്കാനും, മറ്റുള്ളവരുടെ മുമ്പിൽ ആളാകുന്നുതിനും വേണ്ടി മറ്റുള്ളവരെ കുറ്റം പറഞ്ഞും വിമർശിച്ചും അവരുടെ സൽപ്പേരുകളെ കൊന്നുകളഞ്ഞ് നമ്മളും കൊലപാതകം ചെയ്യുകയല്ലേ ചെയ്യുന്നത്. മറ്റൊരു ലഹരിയാണ് സമ്പത്ത്. അതിന് ഉത്തമ ഉദാഹര



മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെ മേൽ ഇനി അധികാരമില്ല.

റോമാ 6:9

ണമാണ് യൂദാസ്. വെറും 30 വെള്ളി നാണയത്തിനുവേണ്ടി എത്ര വലിയ വഞ്ചനയാണ് ചെയ്തത്. നമ്മുടെ ഇടയിലും എത്രയോ യൂദാസുകളാണ് ഉണ്ടാകുന്നത്. സമ്പത്ത് നേടാനായി ആരെയും പറ്റിക്കാൻ ഒരു മടിയുമില്ല. നമുക്ക് അവകാശപ്പെട്ട സമ്പത്ത് മാത്രമാണോ അതോ മറ്റൊരുവന് അവകാശപ്പെട്ടത് കൂടി ഞാൻ എന്റേതാക്കുന്നുണ്ടോ? ഒന്ന് ചിന്തിക്കുന്നത് നല്ലതാണ്. മറ്റൊരു ലഹരിയാണ് **സുഖമോഹങ്ങൾ**... ഇവിടെ ദാവീദിനെ ഓർക്കാം ദാവീദിന് എല്ലാ സമൃദ്ധിയും ഉണ്ടായിരുന്നു. ഒന്നിനും ഒരു കുറവും ഉണ്ടായിരുന്നില്ല. ദൈവത്തിന് ഏറ്റവും പ്രിയങ്കരനും ആയിരുന്നു. എന്നിട്ടും ഒരു നിമിഷത്തിൽ വീണുപോയി. അതിനെത്തുടർന്ന് അതു മൂടിവെയ്ക്കാനായി പിന്നീട് എത്രയോ പാപം ചെയ്യുന്നു. ഇതുപോലത്തെ ദാവീദുകൾ ഒരുപാടില്ലേ നമ്മുടെ ഇടയിൽ. പോണോഗ്രാഫി, സ്വയംഭോഗം, സ്വവർഗഭോഗം, മ്ലേച്ഛതകൾ, അശ്ലീലതകൾ, വ്യഭിചാരം ഇതെല്ലാം ഒരുതരം ലഹരിയാണ്. ഇതെല്ലാം നമ്മുടെ ഹൃദയത്തെ മലിനമാക്കുകയും നശിപ്പിക്കുകയും ആണ് ചെയ്യുന്നത്. ഇതിൽ നിന്നെല്ലാം തിരിച്ചു കരകയറണ്ടേ ? അതിനു പറ്റിയ ഏറ്റവും നല്ല അവസരമാണ് ഈ നോമ്പുകാലം.

ഭൂമിയിലെ ഈ ജീവിതം ഹ്രസ്വമാണ്; ബുദ്ധിമുട്ടേറിയതുമാണ്. കേവലം ഹ്രസ്വമായ ഈ ജീവിത യാത്രയിൽ ചെറുതും വലുതുമായ സഹനങ്ങളെ ഓർത്ത് കരയാതെ എന്നോടുള്ള സ്നേഹത്തെ പ്രതി കുരിശിനെ പ്രണയിച്ച കർത്താവിന്റെ കുരിശിൽ മുഖം പൊത്തി ചെയ്തുപോയ പാപങ്ങളെ ഓർത്ത് ഒന്ന് അനുതാപത്തോടെ കുമ്പസാരിക്കാം. വിശുദ്ധ ബലിയിലൂടെ ഈശോയെ ഹൃദയത്തിലേക്ക് സ്വീകരിക്കാം. നമ്മുടെ ഹൃദയം ഒരു സക്രാരിയാക്കാം. ഇപ്പോൾ നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഈശോയുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഒന്നോർക്കാം; ഈശോ കണ്ടാൽ കുഴപ്പമുള്ള കാര്യങ്ങളാണോ ഞാൻ കാണുന്നത്... ? ഈശോ കേട്ടാൽ കുഴപ്പമുള്ള വാക്കുകളാണോ എന്റെ വായിൽ നിന്ന് വരുന്നത്...? എന്റെ ഈശോയെ കൊണ്ടുപോകാൻ പറ്റുന്ന സ്ഥലങ്ങളിലാണോ ഞാൻ കടന്നു ചെല്ലുന്നത്... ?

പല നോമ്പുകാലങ്ങൾ കടന്നുപോയിട്ടുണ്ട്. പക്ഷേ, പ്രത്യേകിച്ചു മാറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ഈ വലിയ നോമ്പിന്റെ അവസാന കാലഘട്ടത്തിലെങ്കിലും അതിനായി ഒന്നു ശ്രമിക്കാം. മാപ്പു കൊടുക്കാതെ മാപ്പു ചോദിക്കാൻ നമുക്ക് അർഹതയില്ല. ക്ഷമിക്കുന്നവരോട് ദൈവവും ക്ഷമിക്കും. ക്ഷമിക്കാനുള്ളവരെയെല്ലാം ചേർത്തുനിർത്തുന്നതിൽപരം ഒരു സുകൃതം നോമ്പിൽ നമുക്ക് സമ്പാദിക്കാൻ ആകില്ല. ഈ തിരുത്തലുകൾ നമ്മുടെ ജീവിതത്തിന് അർത്ഥമുള്ളതും അഴകുള്ളതും മികവുള്ളതും ആക്കി മാറ്റട്ടെ..... ■






# രോഗീലേപനം



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**സു**ഖപ്പെടുത്തലിന്റെ കൂദാശകളിൽ രണ്ടാമത്തേതായ 'രോഗീലേപനം' എന്ന കൂദാശയെക്കുറിച്ചുള്ള സഭാപഠനങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. യേശുവിന്റെ പരസ്യജീവിതകാലത്തെ പ്രധാന ശുശ്രൂഷകളിലൊന്ന് 'രോഗികളെ സുഖപ്പെടുത്തുക' എന്നതായിരുന്നു. രോഗികളായവർ യേശുവിന്റെ സാന്നിദ്ധ്യം അന്വേഷിച്ചിരുന്നു; അവർ യേശുവിനെ ഒന്നു സ്പർശിക്കുവാൻ പരിശ്രമിച്ചിരുന്നു. "എന്തെന്നാൽ അവനിൽ നിന്ന് ശക്തി പുറപ്പെടുകയും അവരെയെല്ലാം സുഖപ്പെടുത്തുകയും ചെയ്തു" (ലൂക്കാ 6 : 19). ക്രിസ്തുവിന് രോഗികളോടുള്ള സഹാനുഭൂതിയും, അവിടുന്ന പലപ്പോഴും എല്ലാത്തരം രോഗങ്ങളെയും സുഖപ്പെടുത്തിയെന്ന വസ്തുതയും "ദൈവം തന്റെ ജനത്തെ സന്ദർശിച്ചു" എന്നതിന്റെയും "ദൈവരാജ്യം സമീപസ്ഥമാകുന്നു എന്നതിന്റെയും" സമുജ്ജ്വലമായ അടയാളമാണ്. രോഗം സുഖപ്പെടുത്താനുള്ള അധികാരം മാത്രമല്ല, പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരവും യേശുവിനുണ്ടായിരുന്നു. അതിനാൽത്തന്നെ തന്റെ ശിഷ്യർക്ക് നൽകിയ ദൗത്യങ്ങളിൽ പ്രധാനമായും രോഗികളെ സുഖപ്പെടുത്തുവാനുള്ള അധികാരം യേശു നൽകിയിരുന്നു. അവിടുന്ന് അവരോട് കൽപ്പിച്ചു; "രോഗികളെ സുഖപ്പെടുത്തുവിൻ" (മത്താ 10 : 8). അവിടുന്ന് അവർക്ക് ദൈവിക അധികാരവും വാഗ്ദാനം ചെയ്തു; " അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും... അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖംപ്രാപിക്കുകയും ചെയ്യും" (മാർക്കോ 16 : 17-18). അതിനാലാണ് വി. യാക്കോബ് അപ്പസ്തോലൻ ഇപ്രകാരം സഭയെ ഉദ്ബോധിപ്പിക്കുന്നത്; **"നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പുനൽകും" (യാക്കോ 5 : 14-15).**

രോഗംകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സമാശ്വസിപ്പിക്കുവാൻ പ്രത്യേകമായി ഒരു കൂദാശയുണ്ടെന്ന് സഭ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു, അതാണ് രോഗീലേപനം. ഇതു നമ്മുടെ കർത്താവായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതാണ് (CCC 1511). ആശിർവ്വദിക്കപ്പെട്ട തൈലം കൊണ്ട് രോഗികൾക്ക് ലേപനം നൽകുന്ന പതിവിനെ സംബന്ധിച്ച് പുരാതന കാലം മുതൽ പാശ്ചാത്യ -പൗരസ്ത്യ ആരാധനാക്രമ പാരമ്പര്യങ്ങളിൽ സാക്ഷ്യങ്ങളുണ്ട്. നൂറ്റാണ്ടുകളുടെ ഗതിയിൽ, രോഗീലേപനം മരണത്തിന്റെ നിമിഷത്തിലായവർക്കു മാത്രം നൽകുന്ന രീതി കൂടുതൽ പ്രബലപ്പെട്ടുവന്നു. അതുകൊണ്ട് അതിന് ഒടുവിലത്തെ **'ഒപ്രുശുമ'** എന്ന പേരുണ്ടായി.



'രോഗികൾക്കുള്ള വിശുദ്ധലേപനം' എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിൽ, റോമൻ റീത്തിൽ താഴെപ്പറയുന്ന രീതിയിൽ രോഗീലേപനം നടത്തണമെന്ന് അനുശാസിക്കുന്നു. **അവരെ നെറ്റിയിലും, കൈകളിലും, ആശിർവ്വദിച്ച തൈലം കൊണ്ട് ലേപനം ചെയ്ത് ഇപ്രകാരം ഒരു പ്രാവശ്യം ചൊല്ലുന്നു. "വിശുദ്ധമായ ഈ അഭിഷേകത്തിലൂടെ കർത്താവ് തന്റെ കാരുണ്യത്തിലും സ്നേഹത്തിലും പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും നിന്നെ സഹായിക്കട്ടെ. അവിടുന്ന് നിന്നെ പാപത്തിൽ നിന്നു മോചിപ്പിച്ച് രക്ഷിക്കുകയും എഴുന്നേൽപ്പിക്കുകയും ചെയ്യട്ടെ"** (CCC 1513). പ്രത്യേകം ഓർക്കുക വാർദ്ധക്യത്തിൽ എത്തിയവർക്കോ മരണാസന്നർക്കോ വേണ്ടി മാത്രമുള്ളതല്ല രോഗീലേപന കൂദാശ. **'ആരോഗ്യം നിർണ്ണായക സന്ധിയിലായിരിക്കുന്ന** ഏതൊരു കത്തോലിക്കനും ഈ കൂദാശ സ്വീകരിക്കാം. ഈ ലേപനം സ്വീകരിച്ച ഒരു രോഗി ആരോഗ്യം വീണ്ടെടുക്കുകയും പിന്നീട് ഗൗരവമുള്ള മറ്റൊരു രോഗം അയാൾക്കുണ്ടാവുകയും ചെയ്താൽ, ഈ കൂദാശ വീണ്ടും സ്വീകരിക്കാം. പ്രത്യേകിച്ച്, ഗൗരവമുള്ള ഒരു ശസ്ത്രക്രിയക്ക് തൊട്ടുമുമ്പ് രോഗീലേപനം സ്വീകരിക്കുക സമുചിതമാണ് (CCC 1514-1515). പുരോഹിതർ (മെത്രാന്മാരും, വൈദികരും) മാത്രമാണ് രോഗീലേപനത്തിന്റെ കാർമ്മികർ. (CCC 1516). ഈ കൂദാശ ആശുപത്രിയിൽ വച്ചോ, വീട്ടിൽ വച്ചോ, ദൈവാലയത്തിൽ വച്ചോ നൽകാവുന്നതാണ്. ഈ കൂദാശ സ്വീകരിക്കുവാൻ വിശ്വാസികൾ രോഗികളെ പ്രോത്സാഹിപ്പിക്കണം. ഈ കൂദാശയുടെ ആഘോഷത്തിൽ പുരോഹിതൻ നിശബ്ദമായി രോഗിയുടെമേൽ കൈകൾ വച്ച് പ്രാർത്ഥിക്കുന്നു. അതിനുശേഷം ആശിർവ്വദിക്കപ്പെട്ട തൈലം കൊണ്ട് രോഗിയെ ലേപനം ചെയ്യുന്നു.

ഈ കൂദാശയുടെ സവിശേഷമായ കൃപാവര ഫലങ്ങളിൽ ഒന്നാമത്തേത് **'പരിശുദ്ധാത്മാവിന്റെ സവിശേഷമായ ഭാഗമാണ്.'** ഇതിലൂടെ ഒരുവൻ ഗൗരവമുള്ള രോഗത്തിന്റെയോ, വാർദ്ധക്യ സഹജമായ പ്രയാസങ്ങളെയോ തരണം ചെയ്യുവാനുള്ള ധീരതയുടെയും സമാധാനത്തിന്റെയും ശക്തിപ്പെടുത്തലിന്റെയും കൃപാവരം സ്വീകരിക്കുന്നു. ഇതിലൂടെ മരണത്തിന്റെ മുന്നിലുള്ള മനസ്സിടിയലിന്റെയും, ഭീതിയുടെയും പ്രലോഭനത്തിനെതിരെ രോഗിയെ ശക്തിപ്പെടുത്തുന്നു.

രണ്ടാമതായി ലഭിക്കുന്ന കൃപാവരം **ക്രിസ്തുവിന്റെ പീഡാസഹനത്തോടുള്ള ഐക്യമാണ്.** ഈ കൂദാശയുടെ കൃപാവരംകൊണ്ട്, രോഗി ക്രിസ്തുവിന്റെ പീഡാസഹനത്തോട് തന്നെത്തന്നെ കൂടുതൽ അവഗാഢമായി ഐക്യപ്പെടുത്തുന്നതിനുള്ള ശക്തിയും ദാനവും സ്വീകരിക്കുന്നു. മൂന്നാമത്തേത്, **സഭാത്മകമായ കൃപാവരമാണ്.** ഈ കൂദാശ സ്വീകരിക്കുന്ന വിശ്വാസികൾ "ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടും തങ്ങളെത്തന്നെ പൂർണ്ണമനസ്സോടെ ചേർത്തുകൊണ്ട് ദൈവജനത്തിന്റെ നന്മയ്ക്ക് സംഭാവന നൽകുന്നു. അവസാനമായി **അന്തിമയാത്രയ്ക്കുള്ള തയ്യാറെടുപ്പിന്റെ കൃപാവരം** ഇതു പ്രദാനം ചെയ്യുന്നു. ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടുള്ള നമ്മുടെ അനുരൂപപ്പെടൽ മാമ്മോദീസയിൽ തുടങ്ങിയതുപോലെ രോഗീലേപനത്തിൽ പൂർത്തിയാക്കപ്പെടുന്നു. ക്രൈസ്തവ ജീവിതത്തെ മുഴുവൻ അടയാളപ്പെടുത്തുന്ന വിശുദ്ധ അഭിഷേകങ്ങളെ രോഗീലേപനം പൂർത്തിയാക്കുന്നു. പിതാവിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു മുമ്പുള്ള അന്തിമ സമരത്തിനു വേണ്ടി ദൃഢമായ ഒരു കോട്ടയെന്നതുപോലെ അന്തിമലേപനം നമ്മുടെ ജീവിത്തിന്റെ അന്ത്യഘട്ടത്തെ ബലപ്പെടുത്തുന്നു (CCC 1520-1523).



ഈ ജീവിതം വിട്ടുപോകാൻ തുടങ്ങുന്നവർക്കു സഭ രോഗീലേപനത്തിനു പുറമേ തിരുപ്പാഥേയം എന്ന നിലയിൽ ദിവ്യകാരുണ്യവും നൽകുന്നു. **പിതാവിന്റെ പക്കലേക്കുള്ള ഈ 'കടന്നുപോകലിന്റെ' നിമിഷത്തിൽ ക്രിസ്തുവിന്റെ ശരീര രക്തങ്ങൾ സ്വീകരിക്കുന്നതിനു പ്രത്യേകമായ അർത്ഥവും പ്രാധാന്യവുമുണ്ട്.** കർത്താവിന്റെ വാക്കുകൾ അനുസരിച്ച് അതു നിത്യജീവന്റെ വിത്തും ഉത്ഥാനത്തിന്റെ ശകതിയുമാണ്: **"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും" (യോഹ 6 : 54).** മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ കൂദാശയായ ദിവ്യകാരുണ്യം ഇപ്പോൾ, മരണത്തിൽ നിന്ന് ജീവനിലേക്ക്, ഈ ലോകത്തിൽനിന്നു പിതാവിങ്കലേക്ക്, കടന്നുപോകുന്നതിന്റെ കൂദാശയാണ് (CCC 1524).

മാമ്മോദീസ, സ്ഥൈര്യലേപനം, ദിവ്യകാരുണ്യം എന്നീ കൂദാശകൾ, **"ക്രൈസ്തവ പ്രാരംഭത്തിന്റെ കൂദാശകൾ" എന്ന പേരിൽ ഐക്യപ്പെട്ടിരിക്കുന്നതുപോല തന്നെ, അനുതാപകൂദാശ, രോഗീലേപനം, തിരുപ്പാഥേയമായ ദിവ്യകാരുണ്യം എന്നിവ ക്രൈസ്തവ ജീവിതത്തിന്റെ അന്ത്യത്തിൽ "സ്വർഗീയ പിതൃഭവനത്തിലേക്ക് ഒരുക്കുന്ന കൂദാശകൾ'' അഥവാ ഭൗമിക തീർഥാടനത്തെ പൂർത്തിയാക്കുന്ന കൂദാശകൾ എന്ന നിലയിൽ ഐക്യപ്പെട്ടിരിക്കുന്നു.** (CCC 1525).

■



നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു.
ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും.
ഏശ 41:13

# ദുഃഖവെള്ളിയിൽ നിന്ന് ഉയിർപ്പിന്റെ വിജയ തേരിലേറിയവർ





**ഷിയ റോയ് ഒളാട്ടുപുറത്ത്**
**തുരുത്തിപ്പുറം**

**വാ**ഷിങ്ങ്ടണിലെ യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് സമ്മേളന ഹാളാണ് സ്ഥലം. മിഷേൽ ഒബാമ, ഒരു ഇന്ത്യാക്കാരിയായ യുവതിക്ക് അവാർഡ് സമ്മാനിച്ചു. യു.എസ് രാജ്യാന്തര ധീരതാ അവാർഡ്. അതേറ്റു വാങ്ങി മറുപടി പ്രസംഗത്തിൽ ആ ഇന്ത്യൻ യുവതി ഒരു കവിത ചൊല്ലി. അതിന്റെ തുടക്കം ഇങ്ങനെയായിരുന്നു :

**"നിങ്ങൾ ആസിഡൊഴിച്ചത് എന്റെ മുഖത്തല്ല; സ്വപ്നങ്ങളിലാണ്. നിങ്ങളുടെ ഉള്ളിലുള്ളതോ സ്നേഹമല്ല, നിറയെ ആസിഡാണ്."**

കേട്ടിരുന്നവർ വമ്പിച്ച കരഘോഷത്തോടെയാണ് അവളെ അഭിനന്ദിച്ചത്. തോറ്റു കൊടുക്കാൻ മനസ്സില്ലാത്ത ഒരു പെൺകുട്ടിയോടുള്ള ആദരവ് കൂടിയായിരുന്നു ആ കരഘോഷം. പ്രണയാഭ്യർത്ഥന നിരസിച്ചതിലുള്ള പ്രതികാരമായിരുന്നു അവൾക്കു നേരെയുള്ള ആസിഡ് ആക്രമണം. നീണ്ട ശസ്ത്രക്രിയകളും, സമൂഹത്തിന്റെ പ്രതികരണവും, ആത്മവിശ്വാസത്തിന്റെ കുറവും അവളെ പിന്തിരിപ്പിച്ചേക്കുമായിരുന്നു. പക്ഷേ, അവൾ ശക്തിയായി ഉയർന്നു. 'ലക്ഷ്മി അഗർവാൾ.' അതായിരുന്നു അവളുടെ പേര്. ഇന്ന്, പ്രചോദന പ്രഭാവിയായ സ്പീക്കർ, സാമൂഹിക പ്രവർത്തക, കൂടാതെ **Sheroes Hangout** എന്ന തൊഴിൽ സംരംഭത്തിന്റെ സ്ഥാപിക കൂടിയാണ്. 2020 ൽ ദീപിക പദുക്കോൺ അഭിനയിച്ച **'Chhapaak'** എന്ന സിനിമ അവരുടെ ജീവിത കഥയെ ആസ്പദമാക്കി നിർമ്മിക്കപ്പെട്ടതാണ്. "വേദന ഒരു ദുർബലതയല്ല, അതിന്റെ അഗ്നിയിൽ നിന്നാണ് ശക്തി രൂപപ്പെടുന്നത്" ലക്ഷ്മി അഗർവാൾ.



ജീവിതത്തിൽ പരാജയം എന്നത് അവസാന ബിന്ദുവല്ല, മറിച്ച് പുതിയൊരു തുടക്കത്തിനുള്ള വാതായനമാണെന്ന് മനസ്സിലാക്കുക. തകർച്ചകളിലും തളർച്ചയിലും വീണുപോകാതെ ഫീനിക്സ് പക്ഷിയെപ്പോലെ, തീയിൽ വീണാലും വീണ്ടും കരുത്തോടെ പിറവിയെടുക്കാനായാൽ, നിങ്ങൾ വിജയിച്ചു എന്നതാണ് അതിന്റെ അർത്ഥം.

വേദനയുടെയും കഷ്ടപ്പാടുകളുടെയും ലോകത്തും സൗന്ദര്യവും അർത്ഥവും സൃഷ്ടിക്കാൻ കഴിയുമെന്ന ഓർമ്മപ്പെടുത്തലാണ് 'ഫ്രിഡ കാലോ' എന്ന കലാകാരി.

1907 ൽ മെക്സിക്കോ സിറ്റിയിലെ കൊയോകാൻ എന്ന സ്ഥലത്താണ് കാലോ ജനിച്ചത്. ആറാം വയസ്സിൽ പോളിയോ പിടിപെട്ട കാലോയെ 1922 ൽ നടന്ന ഒരു ബസ് അപകടം പൂർണ്ണമായും തകർത്തു. നട്ടെല്ലും ഇടുപ്പും തകർത്ത അപകടം നടക്കുമ്പോൾ 18 വയസ്സായിരുന്നു പ്രായം. ജീവിതത്തിന്റെ ശിഷ്ടകാലം വേദനയോടെ ചെലവഴിക്കാൻ വിധിക്കപ്പെട്ട അവൾ നിരവധി ശസ്ത്രക്രിയകൾക്ക് വിധേയയായി. ആ അപകടത്തിൽ നിന്ന് കരകയറുന്നതിനിടെയാണ് കാലോ പെയിന്റിംഗ് ആരംഭിച്ചത്. ആത്മകഥാപരമായ ആ പെയിന്റിങ്ങുകൾ വേദന, കഷ്ടപ്പാടുകൾ, സ്വത്വം, മരണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്തു. പ്രകാശനമായ നിറങ്ങൾ കൊണ്ടും പ്രതീകാത്മകത കൊണ്ടും ശ്രദ്ധിക്കപ്പെട്ട പെയിന്റിങ്ങുകൾ ശുദ്ധ സത്യസന്ധതയുടെയും വൈകാരിക ശക്തിയുടെയും പ്രതീകമായി. ആത്മപരിശോധനയിലൂടെ സ്വന്തം സ്വത്വവും അനുഭവങ്ങളും വരച്ചിട്ട കാലോയുടെ സങ്കീർണ്ണമായ ആന്തരീക ലോകത്തിലേക്കുള്ള വാതിലാണ് ഇവ. 'തോൺ നെക്ലേസ് ആൻഡ് ഹമ്മിങ്ങ് ബേരഡ്' എന്ന സെൽഫ് പോർട്രെയിറ്റ്, ഫ്രിഡ കാലോയുടെ വർഷങ്ങളായുള്ള സഹനത്തിന്റെ പ്രതീകമാണ്. മുള്ള് കഴുത്തിൽ മുറിവേൽപ്പിക്കുമ്പോഴും ക്ഷമയോടെ വേദന സഹിക്കുന്ന അവളുടെ ഭാവം ശാന്തവും ഗംഭീരവുമാണ്.

കാലോയുടെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ നിരവധി അസുഖങ്ങളും സങ്കീർണ്ണതകളും അവളെ പീഡിപ്പിച്ചു. കാലോ എഴുതിയ ഒരു ഡയറി അവളുടെ മരണശേഷം പ്രസിദ്ധീകരിച്ചിരുന്നു. ജീവിതത്തെയും കലയെയും കുറിച്ചുള്ള കാലോയുടെ ചിന്തകളെയും വികാരങ്ങളെയും കുറിച്ച് ഉൾക്കാഴ്ചകൾ നൽകാൻ ആ ഡയറി സഹായിക്കുന്നു. ലോകമെമ്പാടുമുള്ള കലാകാരന്മാർക്കും ആക്ടിവിസ്റ്റുകൾക്കും പ്രചോദനമായി മാറിയ കാലോ ശക്തിയുടെയും സഹിഷ്ണുതയുടെയും സ്വയം പ്രകടനത്തിന്റെയും പ്രതീകമാണ്. വേദനയുടെയും കഷ്ടപ്പാടുകളുടെയും ലോകത്തും സൗന്ദര്യവും അർത്ഥവും സൃഷ്ടിക്കാൻ കഴിയുമെന്ന ഓർമ്മപ്പെടുത്തലാണ് 'ഫ്രിഡ കാലോ' എന്ന കലാകാരി.

ദുഃഖവും പ്രയാസവും നമ്മുടെ മനഃസ്സാക്ഷി ആധികാരികമാക്കുകയും ജീവിതത്തെ അവലോകനം ചെയ്യാൻ ആഗോള ദൃഷ്ടിയിൽ നോക്കിക്കാണുവാൻ നമ്മെ പ്രേരിപ്പിക്കും. ഓരോ ദുഃഖത്തിനു ശേഷവും പുതിയൊരു സാധ്യതകൂടി കാത്തിരിക്കുന്നു. മഹാത്മാരായ വ്യക്തികൾ പലപ്പോഴും അവ



*എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശവയ്ക്കുക. എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും.*

സങ്കീ 42:5

രുടെ ജീവിതത്തിലെ ഏറ്റവും ഗുരുതരമായ പ്രയാസങ്ങളുടെ അവസരത്തിലാണ് ജീവിതത്തിന്റെ സത്യം മനസ്സിലാക്കിയിട്ടുള്ളത്. ജീവിതത്തിൽ ഒരുപാട് ദുഃഖവും പ്രയാസവും അനുഭവപ്പെട്ടാൽപ്പോലും അവയ്ക്ക് ശേഷമുള്ള പ്രത്യാശ, ജീവിത്തിലെ പുതിയ സാധ്യതകളിലേക്ക് നമ്മെ പിന്തുടരുകയും കൂടുതൽ ശക്തരാക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ കുരിശുമരണം ഈ ലോകത്തിന്റെ കണ്ണിൽ വലിയ ദുഃഖവേദനയായിരുന്നു. മാനവകുലത്തിന്റെ രക്ഷയ്ക്കായി ഈ ഭൂമിയിൽ ഏറ്റവും വലിയ പരിഹാര ബലി അർപ്പിക്കുകയായിരുന്നു ഈശോ. നീതിമാനായ ഈശോ കഠിനമായ പീഡകളും പരിഹാസങ്ങളും സഹിച്ചത് മനുഷ്യകുലത്തെ നിത്യമരണത്തിൽ നിന്ന് വീണ്ടെടുക്കാനാണ്. നമ്മുടെ ജീവിതത്തിലും പലപ്പോഴും വേദനകളുടെയും സഹനങ്ങളുടെയും കുരിശുകൾ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. ആ സമയങ്ങളിലൊക്കെ നമ്മുടെ മാതൃക ക്രിസ്തുവായിരിക്കണം. ഈശോ സഹനത്തിന്റെ കുരിശ് നെഞ്ചോടു ചേർത്ത് പിടിച്ചപ്പോൾ, അത് വലിയ രക്ഷയുടെ അടയാളമായി. ഏതൊരു സഹനത്തിന്റെയും വേദനകളുടെയും ദുഃഖവെള്ളിക്കപ്പുറം പ്രത്യാശയുടെ ഉയിർപ്പു തിരുനാൾ ഉണ്ട് എന്ന് ക്രിസ്തു നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന കുരിശുകൾ ചുമക്കാനായാൽ നമ്മളും യഥാർത്ഥ ക്രിസ്തു അനുയായികളായി മാറും. **''എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്''** (ഫിലി 1 : 21) വി. പൗലോസ് അപ്പസ്തോലന്റെ ഈ വാക്കുകൾ നമ്മുടെ ജീവിതത്തിലും പ്രത്യാശ നിറയ്ക്കും. യേശുക്രിസ്തുവിന്റെ പുനഃരുദ്ധാനം നമ്മുടെ ജീവിതത്തിൽ വിശ്വാസം, പ്രത്യാശ, സന്തോഷം എന്നിവ നൽകുന്നു. ക്രിസ്തുവിനോടൊപ്പം ജീവിക്കുകയും അവിടുത്തെ പുനരുദ്ധാനത്തിന്റെ ശക്തിയിൽ സജീവരാകുകയും ചെയ്യുകയും എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ നിയോഗം. വിശ്വാസത്തിന്റെയും പുതുജീവിതത്തിന്റെയും ഈ ഉത്ഥാന മഹോത്സവംനമുക്ക് ദൈവസ്നേഹത്തോടൊപ്പം പ്രത്യാശയോടെ മുന്നോട്ടുപോകാൻ പ്രചോദനം നൽകട്ടെ.

***''പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ! അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ''.***

(റോമ 15 : 13).

**ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ**

## മതബോധന അറിയിപ്പുകൾ

| | |
|---|---|
| 2025 ഏപ്രിൽ 06 | VFF 2025 *(Vacation Faith Festival)* |
| 2025 ഏപ്രിൽ 27 | രൂപതാതല മതബോധന സ്കോളർഷിപ്പ് പരീക്ഷ (Std IV to XII) |

## ഫാമിലി അപ്പസ്തോലേറ്റിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

**11, 12 & 13 തീയതികളിൽവിവാഹ ഒരുക്ക കോഴ്സ്**

13–ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ ( 2pm - 4 pm)



**കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...**

# കോൺക്ലേവ്

അനി ജോസഫ്, കൂട്ടുകാട്

**ക**ത്തോലിക്കാ സഭയുടെ പാപ്പയെ തിരഞ്ഞെടുക്കുന്ന പ്രക്രിയയാണ് കോൺക്ലേവ്. ലത്തീൻ വാക്കായ **'കും ക്ലാവിസ്'** (Cum Clavis) എന്ന പദത്തിൽ നിന്നാണ് കോൺക്ലേവ് എന്ന വാക്കുണ്ടായത്. 'അടച്ചിടപ്പെട്ട മുറി' എന്നാണ് ഇതിൻെറ അർത്ഥം.

ആദ്യ കാലങ്ങളിൽ പത്രോസിന്റെ പിൻഗാമിയെ തിരഞ്ഞെടുത്തിരുന്നത് റോമിലെയും സമീപ പ്രദേശങ്ങളിലെയും മുതിർന്ന വൈദികരായിരുന്നു. എന്നാൽ എ.ഡി. 1059 ൽ ഒരു നിർദ്ദിഷ്ട സമിതി തെരഞ്ഞെടുക്കപ്പെട്ട ആളായിരിക്കണം പാപ്പ എന്ന തീരുമാനം കൈകൊണ്ടു. ആ കാലങ്ങളിൽ ഒരു അല്മായനോ വൈദികനോ പാപ്പയായി തിരഞ്ഞെടുക്കപ്പെടാമായിരുന്നു. സ്ഥാനമേൽക്കുന്നതിനു മുമ്പ് വൈദിക പട്ടവും മെത്രാൻ പട്ടവും സ്വീകരിച്ചാൽ മതിയായിരുന്നു. രണ്ടാം ലിയോൺ സുനഹദോസ് പാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിന് നിയമം രൂപീകരിക്കുകയും വോട്ട് ചെയ്യാനുള്ള കർദിനാൾമാർ പാപ്പയുടെ മരണശേഷം 10 ദിവസത്തിനുള്ളിൽ സമ്മേളിക്കണമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1268 ൽ പോപ്പ് ഗ്രിഗറി പത്താമൻ പാപ്പയുടെ തിരഞ്ഞെടുപ്പിനെ കുറിച്ച് വ്യക്തമായ നിയമങ്ങൾ ഉണ്ടാക്കി. കർദിനാൾമാർ തിരഞ്ഞെടുപ്പ് തീരും വരെ പുറംലോകവുമായുള്ള ബന്ധ





ആകാശവും ഭൂമിയും കടന്നുപോകും;
എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോവുകയില്ല.
മത്താ 24:35

ത്തിൽ നിന്നും അകന്നിരിക്കുക, ഒരു നേരം ഭക്ഷണം കഴിക്കുക, പരിചാരകരില്ലാതെ കഴിയുക, പ്രാർത്ഥനയിൽ വ്യാപരിക്കുക, തുടങ്ങിയവയായിരുന്നു ആ നിയമങ്ങൾ. 1662 ൽ ഗ്രിഗറി പതിനഞ്ചാമൻ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് നിയമം ഉണ്ടാക്കുകയും 1904 ൽ പത്താം പീയുസ് പാപ്പ അതുവരെയുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു നിയമ സംഹിത രൂപീകരിക്കുകയും ചെയ്തു. തുടർന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശമനുസരിച്ച് പോൾ ആറാമൻ പുതിയ പാപ്പയായി തിരഞ്ഞെടുക്കപ്പെടാൻ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന് നിയമം ഉണ്ടാക്കി.

ചെറിയ കാർഡ് ആണ് പാപ്പയുടെ തെരഞ്ഞെടുപ്പിനുള്ള കോൺക്ലേവ് ബാലറ്റ് ഇത് നടുവേ മടക്കി അൾത്താരയിൽ വെള്ളി പാത്രം കൊണ്ട് മൂടിവച്ചിരിക്കുന്ന കാസയിൽ നിക്ഷേപിക്കുന്നു. ഇതിൽ ഓരോ കർദിനാളും തന്റേതല്ലാത്ത ഒരു കർദിനാളിന്റെ പേര് ബാലറ്റിൽ എഴുതിക്കൊടുക്കുന്നു.

**കോൺക്ലേവിന് നേതൃത്വം കൊടുക്കുന്നത് കമർലങ്കോ ആയിരിക്കും.** പാപ്പയുടെ മരണശേഷം 15-20 ദിവസത്തിനുള്ളിൽ കോൺക്ലേവ് ആരംഭിച്ചിരിക്കണം. പാപ്പാസ്ഥാനം ഒഴിവായ അന്നുമുതൽ **80 വയസ്സ് പൂർത്തിയാകാത്ത കർദിനാൾ മാർക്കാണ് കോൺക്ലേവിൽ പ്രവേശനം അനുവദിക്കുക.** സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന കർമ്മങ്ങൾ പരിശുദ്ധാത്മാവിനോട് സഹായം അപേക്ഷിച്ച ശേഷം സിസ്റ്റൈൻ ചാപ്പലിലേക്ക് കർദിനാൾ സംഘം പ്രവേശിക്കുന്നു. തുടർന്ന് തെരഞ്ഞെടുപ്പിന്റെ പരിശുദ്ധിക്കൊത്ത് രഹസ്യാത്മകത കാത്തുസൂക്ഷിക്കാം എന്ന് പ്രതിജ്ഞയെടുക്കുന്നു. യാതൊരുവിധത്തിലുള്ള മാധ്യമങ്ങളുമായി യാതൊരുവിധ ബന്ധങ്ങളും കർദിനാൾ മാർക്ക് അനുവദിക്കില്ല. തുടർന്നാണ് കർദിനാൾമാർക്ക് ബാലറ്റ് വിതരണം ചെയ്യുകയും അവർ ബാലറ്റുമായി അൾത്താരയിലേക്ക് ചെന്ന് ഉറക്കെ പ്രതിജ്ഞ ചൊല്ലി അവിടെ സ്ഥാപിച്ചിരിക്കുന്ന കാസയുടെ വെള്ളിപാത്ര മൂടി നീക്കി വോട്ട് നിക്ഷേപിക്കുന്നു.

ഒരു ദിവസം പരമാവധി നടത്താവുന്ന തിരഞ്ഞെടുപ്പ് നാലെണ്ണം ആണ്. വോട്ടെടുപ്പ് ഭൂരിപക്ഷം ലഭിക്കാതെ 13 ദിവസം പിന്നിട്ടാൽ അന്തിമമായ തിരഞ്ഞെടുപ്പ് നിശ്ചയിക്കുകയും തുറന്ന ബാലറ്റ് നടപ്പാക്കുകയും ചെയ്യും. തുടർന്ന് കർദിനാൾ ഡീൻ തിരഞ്ഞെടുക്കപ്പെട്ടയാളോട് സമ്മതം ചോദിക്കുന്നു. (കർദിനാൾ ഡീനിനെ ആണ് പാപ്പയായി തിരഞ്ഞെടുക്കുന്നതെങ്കിൽ വൈസ് ഡീൻ ആണ് സമ്മതം ചോദിക്കുന്നത്) തെരഞ്ഞെടുക്കപ്പെടുന്ന കർദിനാൾ സമ്മതം അറിയിച്ചാൽ പാപ്പയായി ഏതു പേരാണ് സ്വീകരിക്കുന്നതെന്ന് ചോദിക്കുന്നു.

***തുടർന്ന് പാപ്പയെ തിരഞ്ഞെടുത്തു കഴിഞ്ഞു എന്ന് ലോകത്തെ അറിയിക്കുവാനായി കോൺക്ലേവ് ബാലറ്റുകൾ ചില കെമിക്കലുകൾ കൂടി മിക്സ് ചെയ്ത് സിസ്റ്റൈൻ ചാപ്പലിന്റെ ചിമ്മിണിയിൽ കൂടി വെളുത്ത പുക വരുന്നതരത്തിൽ കത്തിക്കുന്നു. പിന്നീട് കർദിനാൾ പ്രോട്ടോ ഡീക്കൻ ബാൽക്കണിയിൽ ചെന്ന് പുറത്ത് കൂടിയിരിക്കുന്ന വിശ്വാസ സമൂഹത്തോടും ലോകത്തോടും'ഹബേമൂസ്പാപ്പ്(നമുക്കൊരു പാപ്പയുണ്ട്)*** *എന്ന പ്രഖ്യാപനം നടത്തുകയും ചെയ്യുന്നു.* പുതിയ പാപ്പ വിശ്വാസികൾക്ക് മുന്നിൽ വന്ന് അപ്പസ്തോലിക ആശിർവാദം നൽകുന്നതോടെ കോൺക്ലേവ് നടപടിക്രമങ്ങൾ പൂർത്തിയാകുന്നു. ■

അങ്ങേക്കെല്ലാം സാധിക്കുമെന്നും അങ്ങയുടെയാതൊരു ഉദ്ദേശ്യവും
തടയാനാവുകയില്ലെന്നും ഞാനറിയുന്നു.
ജോബ് 42:2




അയൽക്കൂട്ടം

ലൂക്ക 24 : 13 – 35

# ഉത്ഥാനവും ജൂബിലിയും



ഫാ. ഫിലിപ്പ് ടോണി പിൻഹീറോ

**ആ**ഗതമാകുന്ന ഈസ്റ്റർ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു. തപസ്സുകാലത്ത്, നമ്മുടെ ഹൃദയത്തിൽ നിന്ന് ഉയരുന്ന ഓരോ പ്രാർത്ഥനകൾക്കും ദൈവസന്നിദ്ധിയിൽ ഉത്തരമുണ്ട്. ഈ ജൂബിലി വർഷത്തിൽ പറഞ്ഞാൽ ആരും വിശ്വസിക്കാത്ത അത്ഭുതകരമായ കാര്യങ്ങൾ ദൈവം നിങ്ങളുടെ ജീവിതത്തിൽ നടത്തിത്തരട്ടെയെന്ന് ആശംസിക്കുന്നു.

യേശുനാഥന്റെ ഉയിർപ്പിനുശേഷം പലതവണ തന്റെ ശിഷ്യന്മാർക്ക് ഈശോ പ്രത്യക്ഷപ്പെടുന്നുണ്ട്. ലൂക്കായുടെ സുവിശേഷത്തിലെ എമ്മാവൂസിലേക്കു പോകുന്ന രണ്ട് ശിഷ്യന്മാർക്കുണ്ടാകുന്ന ഈശോ അനുഭവത്തെ നമുക്ക് ധ്യാനിക്കാം. യേശു വിജാതീയരുടെ ഗലീലിയിൽ പഠിപ്പിച്ചുകൊണ്ട് തന്റെ രക്ഷാകര ദൗത്യം ആരംഭിക്കുന്നതായും സകല ജാതികളോടും രക്ഷയുടെ സദ്വാർത്ത അറിയിക്കാൻ ശിഷ്യന്മാരെ ചുമതലപ്പെടുത്തുന്നതാണ് ലൂക്കാ സുവിശേഷത്തിന്റെ രത്നച്ചുരുക്കം. ഉയിർത്തെഴുന്നേറ്റ ഈശോയെ അപ്പസ്തോലന്മാർ വിശ്വസിക്കാത്ത സാഹചര്യത്തിലാണ് ഈശോ പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടത്. എമ്മാവൂസിലേക്ക് യാത്ര തിരിച്ച ഈ രണ്ടു ശിഷ്യന്മാരും, യേശു ഉയിർത്തെഴുന്നേറ്റ കാര്യം സ്ത്രീകൾ പറഞ്ഞ് അറിഞ്ഞിരുന്നവരും, അവരെ വിശ്വസിക്കാത്തവരുമാണ്. എന്നാൽ ഇവർ തന്റെ യാത്രയിൽ നസ്രായനായ യേശുവിനെക്കുറിച്ചും ജറുസലേമിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. എന്നാൽ ജറുസലേമിൽ ഉണ്ടായ സംഭവങ്ങൾ വേണ്ടവിധം മനസ്സിലായിട്ടില്ല, എന്നാൽ മനസ്സിലാക്കണമെന്ന് ആഗ്രഹമുണ്ട്. ഈ ആഗ്രഹത്തോടെ അവർ യാത്ര ചെയ്യുമ്പോൾ യേശുവും അവിടെയെത്തി അവരോടൊപ്പം യാത്ര ചെയ്തു. എങ്കിലും അവർ അവനെ തിരിച്ചറിഞ്ഞില്ല. അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. അവരിലെ ദുഃഖവും നിരാശയും യേശുവിന്റെ സ്വരത്തെപ്പോലും തിരിച്ചറിയാൻ അവർക്ക് സാധിക്കാതെ പോകുന്നുണ്ട്. എന്നാൽ ഈശോ ജീവിച്ചിരുന്നപ്പോൾ പറഞ്ഞ പീഢാനുഭവ പ്രവചനങ്ങൾ ഇവരുടെ



ദൈവം മനസ്സിന്റെ സൂക്ഷ്മ വ്യാപാരങ്ങളെ അറിയുന്നവനും ഹൃദയത്തെ യഥാർത്ഥമായി നിരീക്ഷിക്കുന്നവനും, നാവിൽ നിന്ന് ഉതിരുന്നത് കേൾക്കുന്നവനും ആണ്.

ജ്ഞാനം 1:6

ഓർമ്മയിൽ വരുന്നുണ്ട്. പക്ഷേ, യേശുവിന് സംഭവിച്ച കാര്യങ്ങളിൽ, ഇവർക്ക് വിശ്വാസമോ, സംഭവിച്ചതിന്റെ അർത്ഥമോ അറിയില്ല. കാരണം പ്രവാചകന്മാരും വിശുദ്ധരും മോശയും പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കാൻ കഴിയാത്തവിധം അവരുടെ ഹൃദയങ്ങൾ മന്ദീഭവിച്ചിരുന്നു. പിന്നീട് അവരുടെ ഹൃദയത്തെ യേശു ഉജ്ജ്വലിപ്പിച്ചു. പ്രവാചകന്മാരും മോശയും പറഞ്ഞ കാര്യങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തു. അങ്ങനെ ഈശോ പങ്കുവച്ച വചനത്തിന്റെ ശക്തിയാൽ അവരുടെ ഹൃദയം ജ്വലിച്ചു.

സ്നേഹം നിറഞ്ഞവരേ, ഈ ജൂബിലി വർഷത്തിൽ വചനത്തെ ധ്യാനിക്കുന്നവരായി നാം മാറുമ്പോൾ ബലിയർപ്പണം ഒരു അനുഭവമായി മാറും. ബലിയർപ്പണം ഒരു അനുഭവമായി മാറണമെങ്കിൽ അനുദിനം ഒരു ചെറു അപ്പക്കഷണമായി നമ്മുടെ ഹൃദയത്തിൽ അണയുന്ന ദിവ്യകാരുണ്യ ഈശോയുടെ സാന്നിദ്ധ്യം വിശ്വാസത്തിന്റെ ഉൾക്കാഴ്ചകൊണ്ട് മനസ്സിലാക്കുവാനാകണം.



ഉള്ളിലെ കടലിരമ്പങ്ങൾ എല്ലാം മായ്ക്കുവാനും മറയ്ക്കുവാനും കഴിയുന്ന കടലോളം സ്നേഹവുമായി ഈശോ സന്നിഹിതനാകുമ്പോൾ അത് നമുക്ക് അനുഭവവേദ്യമാകണമെങ്കിൽ നമ്മുടെ അസ്വസ്ഥതകളും വിഷമങ്ങളും ദുഃഖങ്ങളും രോഗാവസ്ഥകളും... ബലിക്കു മുമ്പേ ബലിവേദിയിൽ സമർപ്പിക്കണം. സ്വസ്ഥമായ മനസ്സോടെ ആയിരിക്കുമ്പോൾ നമ്മുടെ അരികിലുള്ള, നമ്മുടെ ഉള്ളിലുള്ള ഈശോ സാന്നിദ്ധ്യം തിരിച്ചറിയാൻ നമ്മുടെ കണ്ണുകൾക്ക് തിളക്കമേറും. ഓർക്കുക! ഈശോ അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ നടക്കുന്നില്ല. പ്രകാശത്തിൽ നടക്കുന്ന ഒരാൾ തട്ടിവീഴാത്തതുപോലെ യേശുവെന്ന പ്രകാശത്തിൽ നടന്നാൽ നാം സുരക്ഷിതരാണ്. നമ്മോടൊപ്പമുള്ളവരും സുരക്ഷിതരാവും.

*പ്രവർത്തനത്തിന് :*

**ഈ ജൂബിലി വർഷം ഞാൻ വചനാധിഷ്ഠിത ജീവിതം നയിക്കും (വചനം വായിക്കും, ധ്യാനിക്കും, പഠിക്കും. വചനകൊന്ത 33 തവണ ചൊല്ലാം)**

***ചർച്ചയ്ക്ക് :***

1. ***അനുദിന ജീവിതത്തിലെ ബലിയർപ്പണം – പ്രാധാന്യവും പങ്കുവയ്ക്കലും?***
2. ***ഒരുക്കത്തോടെ ബലിയർപ്പണത്തിലൂടെ തപസ്സുകാലവും ജൂബിലിയും കൂടുതൽ ആത്മീയ ഒരുക്കം എങ്ങനെ സസാധിക്കും?***

■

# രൂപത വാർത്തകൾ

## നോമ്പുകാലം സന്തോഷകരമായ യാത്ര : ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ



കോട്ടപ്പുറം : നോമ്പുകാലം സന്തോഷകരമായ യാത്രയായി മാറണമെന്ന് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. നോമ്പുകാലത്തിന് ആരംഭം കുറിച്ച് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ വിഭൂതി ബുധനാഴ്ച അർപ്പിച്ച ദിവ്യബലിയിൽ വചന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. നോമ്പുകാലം പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും അനുഷ്ഠിച്ചുകൊണ്ടുള്ള സന്തോഷകരമായ യാത്രയാണ്. ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും തന്നിലേക്കുതന്നെയുമുള്ള തിരിഞ്ഞു നോട്ടത്തിന് നോമ്പ്കാലം പ്രചോദനമാകണമെന്ന് ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ബോധിപ്പിച്ചു.

## കോട്ടപ്പുറം രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



ക്രൈസ്റ്റ് യൂണിവേഴ്സിറ്റി യിൽ നിന്നും അസ്‌റ്റോ ഫിസിക്സിൽ PHD നേടിയ പ്രാജ്വൽ പി. ജെയ്ക്ക് അഭിനന്ദനങ്ങൾ. തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി ഇടവകാംഗം പയ്യപ്പിള്ളി ഹെബിയുടെയും മേരികുട്ടിയുടെയും മകനാണ്.






പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും.

മർക്കോസ് 11:24

## കോട്ടപ്പുറം രൂപതതയിലെ വലിയ കുടുംബങ്ങളെ ആദരിച്ചു.



കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ രൂപതയിലെ 10 വലിയ കുടുംബങ്ങളെ കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ കോട്ടപ്പുറം ബിഷപ്പ് ഹൗസിൽ വച്ച് ആദരിച്ചു. സെന്റ്. വിൻസെൻഷ്യൻ കോൺഗ്രിഗേഷനിലെ അംഗവും പ്രോലൈഫ് പ്രവർത്തകനുമായ റവ. ഫാ. റോബർട്ട് വി. സി യുടെ സഹായത്തോടു കൂടെ രൂപതയിലെ 4–ഉം 5–ഉം മക്കളുള്ള തെരഞ്ഞെടുക്കപ്പെട്ട വലിയ കുടുംബങ്ങൾക്ക് സഹായം നൽകി.

## കോട്ടപ്പുറം രൂപതാ വിദ്യാഭ്യാസ ഏജൻസിയിൽ നിന്നും വിരമിക്കുന്നവർക്ക് യാത്രയയപ്പ് നൽകി.



ഈ അധ്യയന വർഷം കോട്ടപ്പുറം രൂപതാ വിദ്യാഭ്യാസ ഏജൻസിയിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കും മറ്റു ജീവനക്കാർക്കും നൽകിയ യാത്രയയപ്പു സമ്മേളനവും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് വാർഷീകവും കോട്ടപ്പുറം രൂപതാധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് പുത്തൻ വീട്ടിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

# സാൻജോ മീറ്റ്

**കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) തുരുത്തിപ്പുറം ജപമാല രാജ്ഞി ദൈവാലയം, സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവിയർ ദൈവാലയം, പീച്ചി സെന്റ് ജോസഫ് ദൈവാലയം, കുട്ടനെല്ലൂർ സെന്റ് ജൂഡ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തി.**



തുരുത്തിപ്പുറം ജപമാല രാജ്ഞി ഇടവകയിൽ വികാരി റവ. ഫാ. ജോജോ പയ്യപ്പിള്ളി സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു.

സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയിൽ വികാരി റവ. ഫാ. ജോൺസൺ പങ്കേത്ത് സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു.





പീച്ചി സെന്റ് ജോസഫ് ഇടവകയിൽ വികാരി റവ. ഫാ. അലക്സ് ഇലഞ്ഞിക്കൽ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു

കുട്ടനെല്ലൂർ സെന്റ് ജൂഡ് ഇടവകയിൽ വികാരി റവ. ഫാ. ഫ്രാൻസൺ കുരിശിങ്കൽ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു.





*തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല;*
*അവ ഏറ്റുപറഞ്ഞ് പരിത്യജിക്കുന്നവന് കരുണ ലഭിക്കും.*

സുഭാ 28:13

## വനിതാദിന സമ്മാനമായി മൂന്നരകോടി രൂപയുടെ വായ്പ വിതരണം സംഘടിപ്പിച്ച് കിഡ്സ് കോട്ടപ്പുറം



കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ് കോട്ടപ്പുറം)യുടെ ആഭിമുഖ്യത്തിൽ 2025 മാർച്ച് 8 ശനിയാഴ്ച രാവിലെ 9.30-ന് വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് സംരംഭം ചെയ്യുന്ന സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെയും ഫെഡറൽ ബാങ്കിന്റെയും സഹായോത്തോടെ കുറഞ്ഞ പലിശനിരക്കിൽ മൂന്നരകോടി രൂപയുടെ വായ്പ വിതരണവും ലോക വനിതാദിനാചരണം സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഡോ. മിലൻ ഫ്രാൻസ് നിർവ്വഹിച്ചു. കോട്ടപ്പുറം രൂപത ചാൻസിലർ വെരി. റവ. ഫാ. ഷാബു കുന്നത്തൂർ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പ്രശസ്ത പിന്നണി ഗായകനും വൈദീകനുമായ റവ. ഫാ. ബിബിൻ ജോർജ്ജ് മുഖ്യാതിഥിയായിന്നു. യോഗത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തൃശ്ശൂർ അസി. ജനറൽ മാനേജർ ശ്രീ. ജിതിൻ പി.പി. ഒന്നരകോടി രൂപയുടെ വായ്പ വിതരണവും കൊടുങ്ങല്ലൂർ ഫെഡറൽ ബാങ്ക് ബ്രാഞ്ച് മാനേജർ ശ്രീമതി വഹീദ ബീഗം രണ്ട് കോടി രൂപയുടെ വായ്പാവിതരണോദ്ഘാടനവും നടത്തി.

## ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശവുമായി കെ.എൽ.സി.എ

ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി കെ. എൽ.സി. എ കോട്ടപ്പുറം രൂപത സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശവുമായി രൂപതയിലെ മുഴുവൻ ഇടവകകളിലും ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന കലാപരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശയാത്ര സംഘടിപ്പിക്കുവാൻ സെക്രട്ടറിയേറ്റ് തീരുമാനിച്ചതായി രൂപത പ്രസിഡണ്ട് അനിൽ കുന്നത്തൂർ, ജനറൽ സെക്രട്ടറി ജോൺസൺ മങ്കുഴി, ട്രഷറർ സേവ്യർ പടിയിൽ എന്നിവർ അറിയിച്ചു.



# ഗോതുരുത്ത്, തുരുത്തിപ്പുറം, കോട്ടപ്പുറം ഫെറോനകളിലെ ഇടവകകളിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ ഫെറോന തല സംഗമവും നേതൃത്വ പരിശീലനവും നടത്തപ്പെട്ടു

ഗോതുരുത്ത് ഫെറോനയിലെ ഇടവകയിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ ഫെറോന തല സംഗമവും നേതൃത്വ പരിശീലനവും ഫെറോന വികാരി റവ. ഫാ. ആന്റണി അറക്കൽ ഉദ്ഘാടനം ചെയ്യുന്നു.





തുരുത്തിപ്പുറം ഫെറോനയിലെ ഇടവകയിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ ഫെറോന തല സംഗമവും നേതൃത്വ പരിശീലനവും ഫെറോന വികാരി റവ. ഫാ. ഫ്രാൻസിസ്കോ പടമാടൻ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടപ്പുറം ഫെറോനയിലെ ഇടവകയിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ ഫെറോന തല സംഗമവും നേതൃത്വ പരിശീലനവും ഫെറോന വികാരി റവ.ഫാ. ജോസഫ് ഒളാട്ടുപുറം ഉദ്ഘാടനം ചെയ്യുന്നു.





കർത്താവ് നീതിയുടെ ദൈവമാണ്. അവിടുത്തേക്കുവേണ്ടി കാത്തിരിക്കുന്നവർ ഭാഗ്യവാൻമാർ.
ഏശ 30:18

## പറവൂർ ഡോൺ ബോസ്കോയിൽ വനിതാദിനാചരണം




പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ ലോക വനിതാദിനം ആചരിച്ചു. പറവൂർ നഗരത്തിൽ അങ്ങോളമിങ്ങോളം മൗനമായി തന്റെ വിലപ്പെട്ട സേവനം നൽകിവരുന്ന ഏവർക്കും സുപരിചിതയായ ശ്രീമതി സീതാലക്ഷ്മി അമ്മാൾ (അമ്മാളു അമ്മ) ആയിരുന്നു മുഖ്യാതിഥി. 77 വയസ്സുള്ള അമ്മാളു അമ്മ 16 വയസ്സുള്ളപ്പോൾ പറവൂർ പട്ടണത്തിൽ എത്തിച്ചേർന്നിട്ടുള്ളതാണ്. പറവൂർ നഗരത്തിന്റെ ശുചീകരണ രംഗത്ത് അമ്മാളു അമ്മ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്ത അമ്മാളു അമ്മയെ ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര പൊന്നാട അണിയിച്ച് ആദരിച്ചു.

## സെന്റ് മേരീസ് ഹൈസ്ക്കൂളിൽ പഠനോത്സവം ഉൽഘാടനം ചെയ്തു.





പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ പഠനോത്സവം - കൊഞ്ചൽ 2024 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ ഉൽഘാടനം ചെയ്തു. എൽ.പി, യു.പി, എച്ച്.എസ് വിഭാഗങ്ങൾ പ്രത്യേകം നടത്തിയ എക്സിബിഷനുകൾ പഠനോത്സവത്തിന്റെ പ്രത്യേകതയായിരുന്നു.

## ജെബി കോശി കമ്മീഷൻ ശുപാർശ നടപ്പിലാക്കണം കെ, എൽ, സി. എ

സമുദായ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിഷയത്തിൽ ബിഷപ്പുമാർ നൽകുന്ന കത്ത് ആധികാരിക രേഖയായി കണക്കാക്കണമെന്ന ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ ശുപാർശ ഉടൻ നടപ്പിലാക്കണമെന്ന് കെ.എൽ.സി. കോട്ടപ്പുറം രൂപത സമിതി ആവശ്യപ്പെട്ടു. ഈ വിഷയം സംബന്ധിച്ച് കൂടുതൽ ആശയക്കുഴപ്പം ഉണ്ടാക്കുകയാണ് മന്ത്രി നിയമസഭയിൽ ചെയ്തിരിക്കുന്നത്. സമുദായ സർട്ടിഫിക്കറ്റ് ആരുടെയും ഔദാര്യമല്ല ലത്തീൻ കത്തോലിക്ക സമുദായ അംഗങ്ങളുടെ അവകാശമാണ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് എത്രയും വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് കെ. എൽ.സി. എ ഭാരവാഹികൾ ആവശ്യപ്പെട്ടു.



ഡോൺബോസ്കോ നഴ്സിംഗ് സ്ക്കൂളിന്റെ ആഭിമുഖ്യത്തിൽ മഞ്ഞപ്പിത്ത ത്തിനെതിരായുള്ള ബോധവൽക്കരണ ക്യാമ്പയിൻ നഴ്സിംഗ് വിദ്യാർത്ഥിനികൾ സംഘടിപ്പിച്ചു.



## പിതാവിന്റെ ഡയറി – ഏപ്രിൽ 2025

| | | | | |
|---|---|---|---|---|
| 5\|4\|2025 | SATURDAY | 3.00 PM | RASHTRIYA KARYA SAMITHI | BISHOP'S HOUSE |
| 9\|4\|2025 | WEDNESDAY | 10.00 AM | KRLCBC | ARCHBISHOP'S HOUSE VERAPOLY |
| 11\|4\|2025 | FRIDAY | 5.30 7PM | HOMILY FOR RETREAT 40 HOURS EUCHARISTIC ADORATION | THURUTHIPURAM, PALLIPORT |
| 12\|4\|2025 | SATURDAY | 10.30 AM | MASS @ HOLY FAMILY CHURCH | MUNAMBAM |
| 13\|4\|2025 | SUNDAY | 7.00 AM | PALM SUNDAY | KOTTAPURAM CATHEDRAL |
| 17\|4\|2025 | THURSDAY | 7.30 AM | CHRISM MASS | |
| | | 5.30 PM | HOLY THURSDAY | KOTTAPURAM CATHEDRAL |
| 18\|4\|2025 | FRIDAY | 5.00 PM | GOOD FRIDAY | KOTTAPURAM CATHEDRAL |
| 19\|4\|2025 | SATURDAY | 10.45 PM | HOLY SATURDAY | KOTTAPURAM CATHEDRAL |
| 21\|4\|2025 | MONDAY | | HOLY LAND PILGRIMAGE | |
| 22\|4\|2025 | TUESDAY | | HOLY LAND PILGRIMAGE | |
| 23\|4\|2025 | WEDNESDAY | | HOLY LAND PILGRIMAGE | |
| 24\|4\|2025 | THURSDAY | | HOLY LAND PILGRIMAGE | |
| 25\|4\|2025 | FRIDAY | | HOLY LAND PILGRIMAGE | |
| 26\|4\|2025 | SATURDAY | | HOLY LAND PILGRIMAGE | |
| 27\|4\|2025 | SUNDAY | | HOLY LAND PILGRIMAGE | |
| 28\|4\|2025 | MONDAY | | HOLY LAND PILGRIMAGE | |
| 29\|4\|2025 | TUESDAY | 4.00 PM | FINAL PROFESSION | OSAP CONVENT KARA |
| 30\|4\|2025 | WEDNESDAY | 5.00 PM | FLAG HOISTING AND MASS@ VINCENT FERROR CHURCH | CHATHANAD |

## ലോഗോസ് ക്വിസിന്റെ മാർച്ച് മാസത്തെ ഉത്തരങ്ങൾ

1. 30, 2. അമലേക്യരുടെ മലനാട്ടിൽ എഫ്രായിം ദേശത്തെ പിറഥോനിൽ, 3. 40 വർഷം,
4. വയലിലായിരിക്കുമ്പോൾ, 5. പാറപ്പുറത്തു വച്ച്, 6. തക്കശിക്ഷ, 7. നോഹ,
8. ആലോചനകളാലും നിയമപരിജ്ഞാനത്താലും, 9. മർത്യകുലം, 10. പൈതൃകാവകാശം, 11. ഒരു അധികാരി
12. പത്രോസ്, 13. ജെറീക്കോയെ സമീപിച്ചപ്പോൾ, 14. കുരുടനോട്, 15. പ്രവാചകൻ വഴി
16. പീഡകൾ, 17. വിശ്വാസം വഴി, 18. ആത്മാവിന്റെ, 19. കൃപ, 20. അസംഖ്യം തടവുകാരെ

### ശരിയുത്തരങ്ങൾ അയച്ചവർ

1. മിനി പീറ്റർ, കോട്ടപ്പുറം
2. ഉഷ ജോസഫ്, മേത്തല
3. ഡെയ്സി ജോൺ, മേത്തല
4. ടൈസൻ വി.ടി, മേത്തല
5. ആൽഫ്രഡ് കെ. ബിജു, കാര
6. ജൂലിയറ്റ് എം.ഡി, കോട്ടപ്പുറം
7. ഇവാനിയ മേരി, തെക്കേത്തുരുത്ത്
8. ഗിൽഡ പോൾ
9. ട്രീസ ടോമി, തുരുത്തിപ്പുറം
10. ജുവൽ സിറിൽ, തെക്കേത്തുരുത്ത്
11. ബീന ജോസ്, ചാത്തനാട്
12. ബെറ്റ്സി ആന്റണി
13. ലിന്റ സൂസൺ, തെക്കേത്തുരുത്ത്
14. ജോബ് പി.ജെ ചാത്തനാട്
15. ദീപ ബിജു
16. ഷൈനി വിൽസൺ
17. ആന്റണി വിനോയ്
18. സെഫാനിയ ബേഡിൻ, തെക്കേത്തുരുത്ത്
19. ബിന്ദു ഫെലിക്സ്, കൊത്തൊലെംഗോ
20. ബെറ്റി സീന
21. മോളി ആൻഡ്രൂസ്, തുരുത്തിപ്പുറം
22. ടിസ്മി ടോമി, മേത്തല
23. ലിൻസി ജെർസൺ, കൊടുങ്ങല്ലൂർ
24. ഡെലീന
25. റോബി ഫ്രാൻസിസ്, മേത്തല

**ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി സെഫാനിയ ബേഡിൻ, തെക്കേത്തുരുത്ത്**



# വചനധ്യാനം

# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 16, 18 ▸ പ്രഭാ 42, 43 ▸ എഫേ 6 ▸ ലൂക്കാ 19, 20

1. ആരാണ് വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യുന്നത്?
2. സദുക്കായരിൽ ചിലർ യേശുവിനെ അഭിസംബോധന ചെയ്തത് എങ്ങനെ?
3. പിതാവിന്റെ നിദ്ര അപഹരിച്ചു കളയുന്നത് എന്ത്?
4. സ്വർഗീയ ഔന്നത്യത്തിന്റെ അഭിമാനം എന്ത്?
5. ---------ന്റെ മക്കൾ എന്ന നിലയിൽ അവർ ദൈവദൂതന്മാർക്ക് തുല്യരും ദൈവമക്കളുമാണ്.
6. "ഗുരു, നീ ശരിയായി സംസാരിക്കുന്നു" എന്നു പറഞ്ഞത് ആര്?
7. കുട്ടികൾ കർത്താവിൽ മാതാപിതാക്കളെ അനുസരിക്കുന്നത് ---------- ആയിട്ടുള്ളതാണ്.
8. വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുന്നവർ ആര്?
9. യഥാസമയം ------ അനുഷ്ഠിക്കാൻ ചന്ദ്രനെ സൃഷ്ടിച്ചു.
10. എന്താണ് ആകാശത്തിന്റെ സൗന്ദര്യം?
11. നിങ്ങൾ ചെല്ലുമ്പോൾ ---------ആയിരിക്കും കണ്ടുമുട്ടുക.
12. ---------ന് അധിവസിക്കാൻ അവകാശഭൂമി അന്വേഷിക്കുന്ന കാലമായിരുന്നു അത്.
13. മിക്കായുടെ വീട്ടിലെത്തിയവർ യുവ ലേവ്യനോട് എത്ര ചോദ്യങ്ങൾ ചോദിച്ചു?
14. ദാൻ എന്ന സ്ഥലത്തിന്റെ ആദ്യപേര്?
15. സ്മരണ അവശേഷിപ്പിക്കാതെ മാഞ്ഞുപോയവരുടെ ------- വിസ്മരിക്കപ്പെട്ടിട്ടില്ല.
16. നിയമജ്ഞർക്ക് കൂടുതൽ കഠിനമായ ------ ലഭിക്കും.
17. സാംസൺ ഗാസയിലേക്കു പോയി ആരെയാണ് കണ്ടത്?
18. ആരാണ് കർത്താവിനെ പ്രീതിപ്പെടുത്തിയത്?
19. ദൈവരാജ്യം ഉടൻ വരുമെന്ന് വിചാരിച്ചത് ആര്?
20. മുന്തിരിത്തോട്ടവും കൃഷിക്കാരും എന്ന ഈ ഉപമ ആരോടാണ് പറഞ്ഞത്?

**ഉത്തരങ്ങൾ ഏപ്രിൽ 15-ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം - 680 667**



വിദ്വേഷം കലഹം ഇളക്കി വിടുന്നു; സ്നേഹമോ എല്ലാ അപരാധങ്ങളും പൊറുക്കുന്നു.
സുഭാ 10:12

# GOLDEN ANNIVERSARY



50TH YEAR IN GOD'S GRACE
50



## STANLY DIAS & PHILOMINA DIAS

VAARTHA VEETIL, THURUTHIPURAM

*23rd April 2025*

"50 years of love, faith, and God's grace—blessed beyond measure. Here's to a lifetime of memories and the continued journey, hand in hand, guided by His everlasting love."

★★★

CAMYN'S

# Camyns Fin Corp

Anu & Abhi Arcade, N. Paravur

*Deals with all Banking Loans*

ഹോം ലോൺസ്

പ്രോപ്പർട്ടി ലോൺസ്

ബിസിനസ്സ് ലോൺസ്

പേഴ്സണൽ ലോൺസ്

പ്രോജക്ട് ലോൺസ്

പ്രൈവറ്റ് ലോൺസ്

Contact: 9847488231, 9447605994